# അക്കാദമിക മാസ്റ്റർ പ്ലാൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി.എൽ.പി.എസ്
ചത്തിയറ.
താമരക്കുളം

## ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശകലനം - മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനം കാലം, ചുമതല, സാമ്പത്തിക വിശകലനം
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം
12. കൂട്ടിച്ചേർക്കൽ

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ.പി.എസ് ചത്തിയറ

വിലാസം : താമരക്കുളം പി.ഒ ആലപ്പുഴ

സ്കൂൾ കോഡ് : 36410

റവന്യൂ ജില്ല : ആലപ്പുഴ

വിദ്യാഭ്യാസ ജില്ല : മാവേലിക്കര

വിദ്യാഭ്യാസ ഉപജില്ല : കായംകുളം

ബി.ആർ.സി : കായംകുളം

സി.ആർ.സി : താമരക്കുളം

ഗ്രാമപഞ്ചായത്ത് : താമരക്കുളം

ബ്ലോക്ക് പഞ്ചായത്ത് : ഭരണിക്കാവ്

ജില്ലാ പഞ്ചായത്ത് : ആലപ്പുഴ

നിയമസഭാ മണ്ഡലം : മാവേലിക്കര

താലൂക്ക് : മാവേലിക്കര

വില്ലേജ് : താമരക്കുളം.

ആമുഖം:

താമരക്കുളം ഗ്രാമപഞ്ചായത്തിലെ ചത്തിയറ ഗ്രാമത്തിലാണ് ഈ വിദ്യാലയം. നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രപരമായ പെരുമയുള്ള ഈ വിദ്യാലയത്തിൽ പല മഹത്‌വ്യക്തികളും അറിവിന്റെ ആദ്യപാഠങ്ങൾ അഭ്യസിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാലയത്തിന്റെ എല്ലാതലത്തിലുമുള്ള മികവ് പരിഗണിച്ചാണ് അക്കാദമിക് മാസ്റ്റർപ്ലാൻ തയാറാക്കുന്നത്.

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യം അക്കാദമിക് മാസ്റ്റർപ്ലാനിലൂടെ കൈവരിക്കാം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്കുറപ്പാക്കുന്നതിനും അക്കാദമിക മികവ് വിളിച്ചോതുന്നതിനും സഹായകമായ തരത്തിലുള്ള പ്രവർത്തനങ്ങൾ മാസ്റ്റർപ്ലാനിൽ ഉണ്ട്. മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയാറാക്കുന്ന സമഗ്രമായ അക്കാദമിക്മാസ്റ്റർ പ്ലാൻ ഒരു സ്കൂളിന്റെ പ്രധാനമാർഗരേഖയാണ്.

<u>ലക്ഷ്യങ്ങൾ</u>

- ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യ
- വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

- അക്കാദമിക മികവിന് ഉപകരിക്കുന്ന തരത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- എൽ.കെ.ജി മുതൽ IV-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായ നേടേണ്ടശേഷികൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ
- അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

## വിദ്യാലയചരിത്രം

സാമൂഹിക പ്രവർത്തകനായ ശ്രീ.കൊപ്പാറ കേരളൻ നാരായണൻ 1911-ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. പിന്നീട് ഇത് ഗവ: വിദ്യാലയമായി ഉയർത്തി. ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തിലെ ചത്തിയറ ഗ്രാമത്തിൽ സരസ്വതിക്ഷേത്രമായി ഈ വിദ്യാലയം നിലകൊള്ളുന്നു. ഏകദേശം നൂറ്റിപത്തൊമ്പത് വർഷം പഴക്കമുള്ളതാണ് ഈ വിദ്യാലയം. അന്നുമുതൽ അനേകായിരങ്ങൾക്ക് അറിവിന്റെ ആദ്യപാഠങ്ങൾ പകർന്നുനല്കിയ നമ്മുടെ വിദ്യാലയം ഇന്നു ആ പ്രൗഢിയോടെതന്നെ തലയുയർത്തിനില്ക്കുന്നു. ഇപ്പോൾ എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെ ഏകദേശം നാനൂറ് കുട്ടികളോളം വിദ്യ അഭ്യസിക്കുന്നു. ഇനിയും ഉയരങ്ങളിലെത്താനായി നമുക്ക് ഒരുമിച്ച് പ്രയത്നിക്കാം.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന അന്തരീക്ഷം ഒരുക്കൽ
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുന്നതിനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി യോഗത്തിൽ മാസ്റ്റർപ്ലാൻ അവതരിപ്പിക്കലും ചർച്ചയും
- വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം - എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയാറാക്കൽ
- കരട് രൂപരേഖ എസ്.ആർ.ജി, എസ്.എം.സി, എം.പി.ടി.എ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയാറാക്കൽ

നിലവിലെ അവസ്ഥാവിശകലനം

ഭൗതികം - നേട്ടങ്ങൾ

നിലവിൽ 10 ക്ലാസ്സ് മുറികളുള്ള മൂന്ന് കെട്ടിടങ്ങളും പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ പ്ലാൻഫണ്ടിൽ നിർമിച്ച 6 മുറികളുള്ള ഒരു ഇരുനില കെട്ടിടവുമുണ്ട്. ഇതിൽ ആറുമുറികളുള്ള കെട്ടിടത്തിന്റെ മുകളിലത്തെ മൂന്ന് മുറികളുടെ പണി പൂർത്തീകരിക്കാനുണ്ട്

പരിമിതികൾ – ലൈബ്രറിക്ക് മതിയായ സൗകര്യമില്ല അത്യാധുനികരീതിയിലുള്ള ശൗചാലയത്തിന്റെ കുറവ് വാഹനഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. കളിസ്ഥലം, ജൈവവൈവിധ്യ പാർക്ക് എന്നിവ അനിവാര്യമാണ്. സ്മാർട്ട് ക്ലാസ്സ് മുറികളുടെ അഭാവം

അക്കാദമികം - നേട്ടങ്ങൾ

ശാസ്ത്രമേള, കലോത്സവം എന്നിവയിലെ മികച്ച പ്രകടനങ്ങൾ. Quiz മത്സരങ്ങളിലുള്ള വിജയം. L.S.S പരീക്ഷയിൽ തുടർച്ചയായ വർഷങ്ങളിൽ തിളക്കമാർന്ന നേട്ടം.

പരിമിതികൾ - കായിക കേടനത്തിനുള്ള സ്ഥലത്തിന്റെ അഭാവം. ക്ലാസ്‌ലൈബ്രറി ക്രമീകരണത്തിനുള്ള പരിമിതി. കലാകായിക അധ്യാപകരുടെ അഭാവം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | കളിസ്ഥലം | |
| ഗണിതശേഷി വികസനം | ചിൽഡ്രൻസ് പാർക്ക് വിപുലീകരണം | S.M.C ശക്തിപ്പെടുത്തൽ |
| ഇംഗ്ലീഷ് പഠനപരിപോഷണം | | |
| ശാസ്ത്രപോഷണപരിപാടി | കമ്പ്യൂട്ടർ റൂം | വിദ്യാലയവികസന സമിതി |
| വായനാപരിപോഷണം | സ്മാർട്ട് ക്ലാസ്റൂം | പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ലൈബ്രറി ശാക്തീകരണം | അസംബ്ലി ഹാൾ | |
| ജൈവവൈവിധ്യ പാർക്ക് | ഓപ്പൺ-എയർ ഓഡിറ്റോറിയം | എസ്. എസ്. ജി |
| സാഹിത്യപോഷണപരിപാടി | | ക്ലാസ് പി.ടി. എ മാതൃകാപരമാക്കുക |
| പഠനയാത്രകൾ | മാലിന്യ സംസ്കരണം | |
| കലാകായിക മേളകൾ | കുടിവെള്ള വിതരണം | |
| ഐ.ടി. പരിശീലനം | ടോയ്‌ലറ്റ് | ഭവന സന്ദർശനം |
| സ്കൂൾ പത്രം / മാസിക | | കോർണർ പി.ടി.എ |

മലയാളത്തിളക്കം

അദ്ധ്യാപക-ശാക്തീകരണ പരിപാടികൾ

CLASS-PTA സജീവമാക്കൽ

പ്രവൃത്തി പരിചയ പഠനം

ഒന്നാംക്ലാസ്സ് ഒന്നാംതരം

S.R.G ശാക്തീകരണം

ദിനാചരണം, ഗണിതോത്സവം

മേള, ഭാഷോത്സവം

ഗണിതലാബ്, മെട്രിക്മേള

ഗണിതാന്തരീക്ഷമൊരുക്കൽ

ഉല്ലാസഗണിതം, ഗണിതവിജയം

ഭാഷാലാബ്

പോഷകാഹാര പരിപാടി

അഭിമുഖങ്ങൾ.

ജന്മദിനത്തിനൊരു പുസ്തകം

ചിത്രരചന

എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം

ക്ലബ്ബുകൾ, പൂർവ്വാദ്ധ്യാപക വിദ്യാർത്ഥി പ്രവർത്തകർ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ

വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടുക

വിദ്യാലയവിഭവങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുത്തുക

പഠനക്കൂട്ടം

പ്രവർത്തനം . 1
പേര് : വായനാക്കളരി
ഉപമേഖല : ഭാഷാശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരത്തിലുള്ള പുസ്തകങ്ങൾ വായനയിലൂടെ പരിചയപ്പെടുത്തുന്നു. | ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വായനക്കായി നല്കുന്നു. അതിന്റെ വായനാക്കുറിപ്പ് തയാറാക്കുന്നു | ആഴ്ചയിൽ രണ്ടുദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : അക്ഷരക്കളി
ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു. വാക്കുകളിലെ അക്ഷരങ്ങൾ തിരിച്ചറിയുന്നു. | അക്ഷരങ്ങൾ നല്കി പല വാക്കുകൾ ഉണ്ടാക്കുന്ന പ്രവർത്തനം. | ആഴ്ചയിൽ ഒരിക്കൽ | മലയാളം ടീച്ചർ | |

പ്രവർത്തനം : 3
പേര് : സർഗ്ഗ സല്ലാപം
ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധശേഷികളിൽ മികവു നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ് മം - P.T.A | 2000 സ്പോൺസർ |

പ്രവർത്തനം : 4
പേര് : ലൈബ്രറി ശാക്തീകരണം
ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധസാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | ടീച്ചർ P.T.A | 2000 സ്പോൺസർ |

പ്രവർത്തനം : 5
പേര് : അഭിമുഖങ്ങൾ
ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം | |

പ്രവർത്തനം : 6
പേര് : കൈയ്യെഴുത്ത് മാസിക
ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | കഥ, കവിത, ലേഖനം, കുറിപ്പ് എന്നിവ തയ്യാറാക്കി കയ്യെഴുത്ത് മാസികയായി പ്രസിദ്ധീകരിക്കുന്നു | വർഷത്തിൽ ഒന്ന് | വിദ്യാരംഗം | 1000 |

പ്രവർത്തനം : 7
പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്ര വികാസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S.R.G യിൽ ആസൂത്രണപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ നടപ്പിലാക്കാം | അധ്യയന വർഷം | S.R.G | |

പ്രവർത്തനം : 8
പേര് : കവിതാലാപനം
ഉപമേഖല : ഭാഷാ വികാസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവിത ഈണത്തോടും ഉച്ചാരണ ശുദ്ധിയോടും ആലപിക്കുന്നു | വിവിധ കവികളുടെ കവിതകൾ വ്യത്യസ്ത ഈണത്തിൽ ചൊല്ലിക്കുന്നു | അസംബ്ലിയിൽ ദിവസേന | മലയാളം ടീച്ചർ | |

പ്രവർത്തനം : 9

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് സരളമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരുദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നല്കൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നല്കൽ | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 10

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറി എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം : 11
പേര് : ഇംഗ്ലീഷ് തിയേറ്റർ
ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റപ്പെടുത്തി സന്ദർഭം മനസ്സിലാക്കി അവതരിപ്പിക്കൽ ഉദാ: Skit, Drama Conversation | പ്രതിമ സപ്തി പാടി | ചെയ്യും ഇംഗ്ലീഷ് ടീച്ചർ | 2000 P.T.A |

പ്രവർത്തനം : 12
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ
ഉപമേഖല : സർഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മകരചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയാറാക്കൽ | പ്രതിമ സപ്തി പാടി | ചെയ്യും ഇംഗ്ലീഷ് ടീച്ചർ | 2000 പരസ്യത്തിലൂടെ കണ്ടെത്തും |

പ്രവർത്തനം : 13
പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാത്ത ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മധ്യവേനൽ അവധി കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധി കാലം) | ഹെഡ്മം ടീച്ചേഴ്സ് പി.ടി.എ പ്രസിഡന്റ് | 5000 P.T.A ഫണ്ട് |

പ്രവർത്തനം : 14
പേര് : നിഘണ്ടു നിർമ്മാണം (ഇംഗ്ലീഷ്)
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പദങ്ങളുടെ meaning മനസ്സിലാക്കുക. Dictionary നോക്കി അർത്ഥം കണ്ടെത്താനുള്ള ശേഷി ഉണ്ടാക്കുക | ഓരോ പാഠഭാഗത്തെയും ഇംഗ്ലീഷ് പദങ്ങളുടെ അർത്ഥം കണ്ടെത്തി അക്ഷരമാലാക്രമത്തിൽ രേഖപ്പെടുത്തി തയ്യാറാക്കുന്നു | 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | - |

പ്രവർത്തനം : 15
പേര് : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനം താൽപര്യം വളർത്തൽ | ക്ലാസ്സ്മുറികളിൽ ഇംഗ്ലീഷ് പ്രയോഗങ്ങൾ, ചുരുക്കങ്ങൾ, തുടങ്ങിയവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം 16
പേര് : പദപ്രശ്ന നിർമ്മാണം
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നല്കുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം: ഒറിഗാമി ശില്പശാല 17

പേര് : ഒറിഗാമി ശില്പശാല

<u>ഉപമേഖല</u> : ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരവിരുത ശേഷികളുടെ വികാസവും | ജപ്പാനിൽ നിന്നു കിട്ടിയ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു<br>ഗണിതസവിശേഷതകൾ കണ്ടെത്തുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G ടീച്ചർ | 1000 |

പ്രവർത്തനം : 18

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

<u>ഉപമേഖല</u> : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ<br>ലാബിൽ വച്ച് ഗണിത ക്ലബ്ബ് നടത്തൽ | അദ്ധ്യയന വർഷം | ഗണിത ക്ലബ്ബ് S.R.G | |

പ്രവർത്തനം: 19
പേര് : ഗണിതപാർക്ക്
മേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 2000 |

പ്രവർത്തനം: 20
പേര് : ശാസ്ത്രപോഷണപരിപാടി
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി ശാസ്ത്രം ജ്ഞാനവസ്തു എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ | പ്രതിമാസം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം: 21

പേര്: ശാസ്ത്രയാത്രകൾ

മേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 2 യാത്രകൾ | സയൻസ് ക്ലബ്ബ് P.T.A | 5000 |

പ്രവർത്തനം: 22

പേര്: പ്രതിഭാ പോഷണ പരിപാടി

മേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി ഒഴിവു ദിനങ്ങളിൽ പ്രത്യേക പരിശീലന ക്ലാസുകൾ നടപ്പിലാക്കുന്നു | അവധി ദിവസങ്ങൾ | സയൻസ് ക്ലബ്ബ് S.R.G | 1000 |

പ്രവർത്തനം: 23
പേര്: ബുള്ളറ്റിൻ ബോർഡ്
ഉപമേഖല: സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുന്നു | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | EVS club | |

പ്രവർത്തനം: 24
പേര്: ചിത്രരചനാക്കളരി
ഉപമേഖല: കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനൽ അവധി കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മധ്യവേനൽ അവധി കാലം | SR.ജി | |

പ്രവർത്തനം : 25
പേര് : മേളകൾ
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 5000 |

പ്രവർത്തനം : 26
പേര് : പഠനയാത്രകൾ
മേഖല : EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ രണ്ടു തവണ | എസ്.ആർ.ജി E.V.S club | 2000 |

പ്രവർത്തനം 27
പേര് : കായിക പരിശീലനം
ഉപമേഖല : കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | ആഴ്ചയിൽ രണ്ടു ദിവസം കായിക പരിശീലനം നല്കുക | ആഴ്ചയിൽ 2 ദിവസം | PT.A അദ്ധ്യാപകൻ | |

പ്രവർത്തനം : 28
പേര് : പച്ചക്കറിത്തോട്ടം
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | S.R.G S.S.G | |

പ്രവർത്തനം : 29
പേര് : ക്ലാസ്സ് പി.ടി.എ സജീവമാക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | Class P.T.A കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ. പഠന പുരോഗതി ചർച്ച ചെയ്യൽ, മികവുകളുടെ അവതരണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 30
പേര് : ജന്മദിനത്തിനൊരു പുസ്തകം
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് റൂം ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ കൂടി ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ലീഡർ ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 31
പേര്: സ്കൂൾ കലണ്ടർ
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒന്ന് | P.TA S.R.G | |

പ്രവർത്തനം: 32
പേര്: മെഡിക്കൽ ക്യാമ്പ്
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യസ്ഥിതി അറിയുന്നതിനും വേണ്ട വൈദ്യ സഹായം ലഭ്യമാക്കുന്നതിനും ഉപകരിക്കുന്നു | വർഷത്തിൽ ഒരിക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സഹകരണത്തോടെ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും സമൂഹവാസികൾക്കുമായി മെഡിക്കൽ ക്യാമ്പ് നടത്തുന്നു | വർഷത്തിൽ ഒന്ന് | P.T.A അധ്യാപകർ | 5000 |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു
- വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു

## മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു
- സോഷ്യൽ മോണിട്ടറിംഗ് രീതി നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് നടത്താം

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസത്തെ സ്വകാര്യവത്ക്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ്

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം...

അതിനാൽ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഒട്ടുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമൃദ്ധമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

വിദ്യാലയമികവിനായി ഏറ്റെടുത്ത
അനുബന്ധ പ്രവർത്തനങ്ങൾ

മലയാളം

വായന ചങ്ങാത്ത പ്രവർത്തനങ്ങൾ
വായന കാർഡ് നിർമ്മാണം
വായനാക്കുറിപ്പ് തയാറാക്കൽ
കൈയ്യക്ഷരം മെച്ചപ്പെടുന്നതിന് പകർത്തി എഴുത്ത്
അക്ഷരങ്ങളിൽ നിന്ന് പദനിർമ്മാണം
പദങ്ങളിൽനിന്ന് വാക്യനിർമ്മാണം

ഇംഗ്ലീഷ്

Reading card
Picture Reading
Story writing
Copy writing
Word web Activities

ഗണിതം

സംഖ്യാകാർഡ് നിർമ്മാണം
പാറ്റേൺ രൂപീകരണം
ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രവർത്തനങ്ങൾ നിർദ്ധാരണം

സ്ഥാനവില ഉറപ്പിക്കാൻ സംഖ്യാകാർഡ് പോക്കറ്റ്

ഗണിത വിജയ പ്രവർത്തനങ്ങൾ

## പരിസരപഠനം

പരീക്ഷണ നിരീക്ഷണങ്ങൾ

വീട്ടിലൊരു പച്ചക്കറിത്തോട്ടം

ഔഷധത്തോട്ട നിർമ്മാണം

കേരളത്തെയും ഇന്ത്യയെയും അടുത്തറിയൽ

ആൽബം തയാറാക്കൽ

ലഹരി വിരുദ്ധ ബോധവല്ക്കരണ ക്ലാസ്സ്

## Other Activites

കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുന്നതിന് സംഗീതം, നൃത്തം എന്നിവ അഭ്യസിപ്പിക്കുന്നു.

പ്രകൃതിപരിചയ ക്ലാസ്സുകൾ നല്കുന്നു.

ചിത്രരചനയിൽ കഴിവുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് നല്കുന്നു.

STD : I

Malayalam

ഒന്നാം ക്ലാസ്സിലെ എല്ലാകുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.

ജൂൺ

കളികളിലൂടെ ചിത്രവായന
നിറങ്ങൾ നല്കാൻ അവസരം
വായന സാമഗ്രികൾ തയ്യാറാക്കൽ

ജൂലൈ

അക്ഷരപ്പാട്ടുകൾ നല്കി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ
ക്ലാസ് ലൈബ്രറി ഒരുക്കൽ, വായനാമൂല ഒരുക്കൽ

ആഗസ്റ്റ്

ചിത്രവായനകാർഡുകൾ തയ്യാറാക്കൽ
അക്ഷരപ്പാട്ടുകളിലൂടെ ചെറുചോദ്യങ്ങൾ ചോദിക്കുന്നു. ആവർത്തിച്ചുവരുന്ന പദങ്ങൾകണ്ടെത്തുന്നു

Maths

ജൂൺ

സംഖ്യകൾ തിരിച്ചറിയാൻ പ്രവർത്തനങ്ങൾ
സംഖ്യാകാർഡ് നിർമ്മാണം

ജൂലൈ

ഗണിത കിറ്റ് തയ്യാറാക്കുന്നു
സംഖ്യകൾക്കനുസരിച്ച് ചിത്രങ്ങൾവരച്ച് സംഖ്യകൾ

ആഗസ്റ്റ്

1 – 20 സംഖ്യകൾ തിരിച്ചറിയൽ. വലിയ സംഖ്യ ചെറിയ സംഖ്യ. കൂടുതൽ കുറവ് തിരിച്ചറിയൽ

EVS

ജൂൺ

പ്രവൃത്തി നടത്താം
പരിസ്ഥിതിദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ

ജൂലൈ

ചുറ്റുപാടും നിരീക്ഷിച്ച് മരങ്ങൾ, ചെടികൾ തിരിച്ചറിയുക, തിരിച്ചറിഞ്ഞത് പട്ടികപ്പെടുത്തുക
പ്രവൃത്തി നടത്താം
സ്കൂൾ പൂന്തോട്ടനിർമ്മാണം

ആഗസ്റ്റ്

ചെടികളുടെ ചിത്രങ്ങൾ photo എടുത്ത് class groupil പോസ്റ്റ്ചെയ്യുന്നു
സ്കൂളിലും വീട്ടിലും അടുക്കളത്തോട്ടം പൂന്തോട്ടനിർമ്മാണം

STD: II

Malayalam

ജൂൺ

ചിത്രകാർഡുകൾ നൽകൽ
വായന സാമഗ്രികൾ നിർമ്മിക്കൽ
ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ

ജൂലൈ

സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ പ്രദർശനം നടത്തൽ, എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ

ആഗസ്റ്റ്

ചിത്രവിവരണം, വ്യത്യസ്ത വ്യവഹാരരൂപം ഉണ്ടാക്കൽ

Maths

ജൂൺ

പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
സംഖ്യകൾ സ്ഥാനം തിരിച്ചറിയൽ

ജൂലൈ

ഗണിതകിറ്റ് തയ്യാറാക്കൽ
രണ്ടക്ക സംഖ്യ രൂപീകരിക്കൽ

ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

English

June and July

To develop listening skills and reading skills

August and September

Develop the creative speaking and writing

## STD: III

മലയാളം

ജൂൺ

വായിക്കാം എഴുതാം

ജൂലൈ

ആശയം പറയൽ

ആഗസ്റ്റ്

കഥ കേൾക്കാം. എഴുതാം

കണക്ക്

ജൂൺ

രൂപങ്ങൾ തിരിച്ചറിയുന്നു
രൂപങ്ങൾ വരയ്ക്കുന്നു

ജൂലൈ

മൂന്നക്കസംഖ്യ എഴുതുന്നു
മൂന്നക്കസംഖ്യയെ കൂട്ടങ്ങളാക്കുന്നു

ആഗസ്റ്റ്

മൂന്നക്ക സംഖ്യയെ ആരോഹണത്തിൽ ക്രമീകരിക്കുന്നു.
അരവിന്ദ് ഗുപ്താകാർഡുപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു

EVS

ജൂൺ

ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
പ്രത്യേകതകൾ മനസ്സിലാക്കുന്നു
ആവാസവ്യവസ്ഥകൾ അടുത്തറിയാം

ജൂലൈ

ജീവികൾ പരസ്പരാശ്രയത്വം - ചർച്ച
ഉദ്യാനമൊരുക്കാം സ്കൂൾ / വീട്

ആഗസ്റ്റ്

പോസ്റ്റർ നിർമ്മാണം.
മലിനീകരണ പ്രശ്നം.

English

June and July
To check Vocabulary and writing skills

August and September

Develop the Creative speaking and writing

STD IV

മലയാളം

ജൂൺ

വായിക്കാം എഴുതാം

വർണ്ണന തയ്യാറാക്കൽ

ജൂലൈ

ആശയം പറയൽ

ആസ്വാദനം

ആഗസ്റ്റ്

കഥാപൂരണം

English

June and July

To check Vocabulary and writing skills

August

Develop the Creative Speaking and writing

കണക്

ജൂൺ

രൂപങ്ങൾ തിരിച്ചറിയുന്നു

രൂപങ്ങൾ വരയ്ക്കുന്നു അളക്കുന്നു

ജൂലൈ

നാലക്ക സംഖ്യ എഴുതുന്നു

നാലക്കസംഖ്യയെ കൂട്ടങ്ങളാക്കുന്നു

ആഗസ്റ്റ്

4 അക്ക സംഖ്യയെ അവരോഹണത്തിൽ ക്രമീകരിക്കുന്നു

സംഖ്യാനിർമ്മാണം (അരവിന്ദ് ഗുപ്തകാർഡ്)

EVS

ജൂൺ

ജീവികളെ നിരീക്ഷിക്കുന്നു. പ്രത്യേകതകൾ

മനസ്സിലാക്കുന്നു.

ആവാസവ്യവസ്ഥയെ അടുത്തറിയുന്നു

ജൂലൈ

ഇന്ത്യയെ അറിയാം

- ഇന്ത്യ സ്വാതന്ത്ര്യത്തിനുശേഷം

ആഗസ്റ്റ്

ഇന്ത്യ - ഭാഷ, സംസ്കാരം, വേഷവിധാനം